# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7022 — 13.07.2012-ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ്

| | ചോദ്യം: | | ഉത്തരം: |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക | | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | മിശ്രവിവാഹിതരുടെ മക്കൾക്ക് അവരുടെ പിതാവോ മാതാവോ ആരെങ്കിലും ഒരാൾ പട്ടികജാതിയിൽ ഉൾപ്പെട്ടിരുന്നാൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ; | (എ) | ഉണ്ട്. ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 20.11.2008-ാം തീയതിയിലെ ജി.ഒ. (എം.എസ്)109/08/പജ.പവ.വി.വ സർക്കാർ ഉത്തരവ് പ്രകാരം മിശ്രവിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് ടിയാളുകൾ വളർന്നുവരുന്ന സാഹചര്യവും മറ്റും കണക്കിലെടുത്ത് അച്ഛന്റെയോ, അമ്മയുടെയോ ജാതി അനുവദിച്ച് നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | അപ്രകാരം സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷകനെ/അപേക്ഷകയെ ബന്ധപ്പെട്ട പട്ടികജാതി സമുദായം ഒരു സമുദായാംഗമായി അംഗീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (ബി) | ഉണ്ട്. ഇത്തരത്തിലുള്ള കുട്ടികൾ ഇവർ ഏത് സമുദായാംഗമായി വളർന്നു വരുന്നുവെന്നും, ഇവർ വളർന്നുവരുന്ന സാഹചര്യവും മറ്റും കണക്കിലെടുത്ത്, പ്രസ്തുത സമുദായം ഇത്തരത്തിലുള്ളവരെ സമുദായാംഗമായി അംഗീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | ബന്ധപ്പെട്ട പട്ടികജാതി സമുദായം അപേക്ഷകനെ/ അപേക്ഷകയെ സമുദായാംഗമായി അംഗീകരിച്ചുവെന്നതിന് അപേക്ഷകർ എന്ത് തെളിവാണ് നൽകേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | ബന്ധപ്പെട്ട പട്ടികജാതി സമുദായം മിശ്രവിവാഹിതരായ ദമ്പതിമാരുടെ കുട്ടികളെ സമുദായാംഗമായി അംഗീകരിച്ചു എന്ന് അന്വേഷണം നടത്തി സ്ഥിതീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടത് റവന്യൂ അധികാരികളാണ്. |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യം വ്യവസ്ഥ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | ബാധകമല്ല. |

സെക്ഷൻ ഓഫീസർ